Masapadi–Narakkal High School.

248. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഞാറക്കൽ ഹൈസ്കൂളിൽ ഉണ്ടായിരുന്ന ഒരു മാസപ്പടിയുടെ ഒഴിവിനു് എത്ര അധ്യാപകർ അപേക്ഷകന്മാരായിരുന്നു;

(b) അതു് ആക്കാണ് കൊടുത്തതു്?

മിസ്റ്റർ ഐ. എൻ. മേനോൻ—(a) മൂന്നു്.

(b) എം. ഒ. പൈലോ (സിറിയൻ ക്രിസ്ത്യൻ).

Vacancy—Teacher's post, Kadamakudi.

249. മിസ്റ്റർ കെ. പി. വള്ളോൻ.—കടമക്കുടി സ്കൂളിൽ ഉണ്ടായിരുന്ന ഒരു അദ്ധ്യാപകന്റെ ഒഴിവിനു് കടുമ്മക്കാട്ടുകളിൽ വല്ലവരും അപേക്ഷകന്മാരായി ഉണ്ടായിരുന്നോ; ആ ഒഴിവിൽ ആരെ നിയമിച്ചു?

മിസ്റ്റർ ഐ. എൻ. മേനോൻ.—കടമക്കുടി സ്കൂളിൽ ഒരു അദ്ധ്യാപകന്റെ ഒഴിവും ഉണ്ടായിരുന്നില്ല.

Stipend–Depressed Classes.

250. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികൾക്കു് സ്റ്റൈപൻറു് അനുവദിച്ചിട്ടുള്ളതു് എത്ര മാസത്തേക്കാണെന്നു പറയാമോ?

മിസ്റ്റർ ഐ എൻ. മേനോൻ.—പന്ത്രണ്ടു മാസത്തേക്കു്. എന്നാൽ മൂന്നും ആറും ഫാറങ്ങളിൽ പഠിയ്ക്കുന്ന കുട്ടികൾക്കു് അവരുടെ കൊല്ലാവസാന പരീക്ഷ കഴിയുന്നതോടുകൂടി സ്റ്റൈപ്പെൻറു് നിറുത്തലാക്കുന്നതാകുന്നു.

Assignment of Sea-board lands to Depressed Classes.

251 മിസ്റ്റർ കെ. പി. വള്ളോൻ—ഫ. കൊച്ചികണയന്നൂർ താലൂക്കിൽ കടലോരങ്ങളിൽ ഡിമാർക്കേഷൻ കഴിച്ചിട്ടുള്ള ഭൂമികൾ അധഃകൃതക്കു് ഇതുവരേയും പതിച്ചു കൊടുക്കാത്തതു് എന്തുകൊണ്ടു്; ഡിമാർക്കേഷൻ കഴിച്ചിട്ടു് ഇപ്പോൾ എത്രകാലമായിട്ടുണ്ടു്;

ഉ. ഫ ഫ ഒ-ൽ മുളവുകാടു നിവാസികളായ അധഃകൃതർ ഭൂമി പതിച്ചു കിട്ടുവാൻ അയച്ച ഹർജികൾക്കു് ഹർജിക്കാരുടെ സ്റ്റേറ്റുമെണ്ടു് എടുത്തു പോയതിൽ പിന്നെയാതൊരു മറുപടിയും ഉണ്ടായിട്ടില്ലാത്തതു് എന്തുകൊണ്ടു്?

റാവു സാഹിബ്ബു് മിസ്റ്റർ ടി. വി. കസ്തൂരിരംഗയ്യർ.—

ഫ. പതിച്ചു കൊടുക്കേണ്ട കാര്യത്തെപ്പറ്റി അധഃകൃത സംരക്ഷകനും റവന്യൂ ഡിപ്പാർട്ടുമെണ്ടുമായി എഴുത്തുകുത്തു് നടത്തിവരുന്നുണ്ടു്. ഡിമാർക്കേഷൻ കഴിഞ്ഞിട്ടു് ഇപ്പോൾ ഏകദേശം അഞ്ചു കൊല്ലമായി.

LIBRARY ARCHIVES Kerala Legislative Assembly